## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 454 — 18.11.2019-ൽ മറുപടിക്ക്

### മാവോയിസ്റ്റുകൾക്കെതിരെ നടപടി

| | ചോദ്യം<br><br>ശ്രീ. വി. എസ്. ശിവകുമാർ<br>ശ്രീ. ടി. ജെ. വിനോദ് | | മറുപടി<br><br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മാവോയിസ്റ്റുകൾ അപ്രായോഗികമായ പ്രത്യയശാസ്ത്രമാണ് പിന്തുടരുന്നതെന്ന് കരുതുന്നുണ്ടോ; | (എ) | ജനാധിപത്യ സംവിധാനത്തെ തകർത്ത് കലാപകലുഷിതമായ അന്തരീക്ഷം സൃഷ്ടിച്ച് ജനങ്ങളുടെ സൈ്വരജീവിതത്തെ കെടുത്തുന്ന അപ്രായോഗികമായ പ്രത്യശാസ്ത്ര നിലപാടാണ് ഇവരുടേത്. |
| (ബി) | എങ്കിൽ അതിന്റെ പേരിൽ പോലീസുകാർക്ക് വെടിവയ്പ്പ് ഉൾപ്പെടെ എന്ത് നടപടിയും സ്വീകരിക്കാമെന്ന സ്ഥിതിവിശേഷം സംജാതമായിട്ടുണ്ടോ; | (ബി) യും (സി) യും | പോലീസ് റിപ്പോർട്ട് പ്രകാരം 28.10.2019-ൽ പാലക്കാട് അഗളി പോലീസ് സ്റ്റേഷൻ പരിധിയിലെ മേലേ മഞ്ചിക്കണ്ടി റിസർവ്വ് വനത്തിൽ പട്രോളിംഗ് നടത്തുകയായിരുന്ന തണ്ടർബോൾട്ട് സേനാംഗങ്ങൾക്കെതിരെ നിരോധിത സംഘടനയിൽപ്പെട്ട സായുധധാരികളായ സി.പി.ഐ മാവോയിസ്റ്റ് സംഘാംഗങ്ങൾ പോലീസിന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം സൃഷ്ടിച്ചുകൊണ്ട് വെടിയുതിർത്തതിനെത്തുടർന്ന് പോലീസ് സ്വയരക്ഷാർത്ഥം തിരികെ വെടിവച്ചതിൽ ഒരു സ്ത്രീയുൾപ്പെടെ മൂന്ന് മാവോയിസ്റ്റ് പ്രവർത്തകർ കൊല്ലപ്പെടുകയുണ്ടായി.<br><br>29.10.2019-ന് കൊല്ലപ്പെട്ടവരുടെ മൃതദേഹം ഇൻക്വസ്റ്റ് ചെയ്യുന്നതിന് സംഭവ സ്ഥലത്തേയ്ക്ക് |
| (സി) | അട്ടപ്പാടിയിൽ മാവോയിസ്റ്റുകളുടെ ഭാഗത്തുനിന്നും അക്രമവും വെടിവയ്പ്പും ഉണ്ടായതിനാലാണ് പോലീസ് അവരെ വെടിവച്ചതെന്ന് വിലയിരുത്തുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | പോകുകയായിരുന്ന ഒറ്റപ്പാലം സബ് കളക്ടർ അടങ്ങിയ സംഘത്തിന് നേരെയും മാവോയിസ്റ്റ് പ്രവർത്തകർ വീണ്ടും നിറയൊഴിച്ചതിനെത്തുടർന്ന് സ്വയരക്ഷാർത്ഥം തണ്ടർ ബോൾട്ട് സേനാംഗങ്ങൾ തിരികെ വെടിയുതിർത്തതിൽ ഒരു മാവോയിസ്റ്റ് പ്രവർത്തകൻ കൂടി കൊല്ലപ്പെടുകയാണ് ഉണ്ടായത്.<br><br>പോലീസ് നടപടിയിൽ എന്തെങ്കിലും വീഴ്ചയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ബഹു സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായവും, ബഹു ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ മാർഗ്ഗ നിർദേശവും അനുസരിച്ചുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.<br><br>ഇക്കാര്യത്തിൽ രജിസ്റ്റർ ചെയ്ത രണ്ടു കേസുകളിലും ക്രൈംബ്രാഞ്ച് അന്വേഷണം നടന്നു വരുന്നു. CrPC സെക്ഷൻ 176 പ്രകാരം പാലക്കാട് ജില്ലാ കളക്ടറെ മജിസ്റ്റേറ്റുതല അന്വേഷണത്തിന് ചുമതലപ്പെടുത്തിയിട്ടുള്ളതും അന്വേഷണം നടന്നുവരികയുമാണ്.<br><br>പോലീസ് ഉപയോഗിച്ച തോക്കുകൾ പിടിച്ചെടുത്ത് ഫോറൻസിക്, ബാലിസ്റ്റിക് പരിശോധനക്ക് അയക്കുവാൻ അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന കോഴിക്കോട് ക്രൈം ബ്രാഞ്ച് എസ്.പി ക്ക് ബഹു. ഹൈക്കോടതി 12.11.2019 തീയതിയിലെ വിധിന്യായത്തിലൂടെ നിർദ്ദേശം നൽകിയിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പ്രത്യയശാസ്ത്ര പഠനപുസ്തകങ്ങളും ലഘുലേഖകളും മറ്റും കൈവശം വയ്ക്കുന്നത് അറസ്റ്റ് ചെയ്ത് യു.എ.പി.എ. ചുമത്തുന്നതിന് പര്യാപ്തമാണോയെന്ന് വെളിപ്പെടുത്താമോ; | (ഡി) യും (ഇ) യും | നിരോധിക്കപ്പെട്ട സംഘടനയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നവർക്കെതിരെ, യു.എ.പി.എ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നടപടികൾ കൈക്കൊള്ളുവാൻ പര്യാപ്തമായ വസ്തുതകൾ കണ്ടെത്തിയ സാഹചര്യത്തിലാണ് യു.എ.പി.എ പ്രകാരമുള്ള കേസ് രജിസ്റ്റർ ചെയ്തത് എന്നാണ് പോലീസ് റിപ്പോർട്ട്.<br>യു.എ.പി.എ കേസുകളിൽ പ്രോസിക്യൂഷൻ അനുമതി സർക്കാർ നൽകുന്നത് റിട്ട. ഹൈക്കോടതി ജഡ്ജി ചെയർമാനായി രൂപീകരിച്ചിട്ടുള്ള സമിതിയുടെ പരിശോധനയ്ക്കും ശിപാർശയ്ക്കും വിധേയമായിട്ടാണ്. |
| (ഇ) | അല്ലെങ്കിൽ കോഴിക്കോട് രണ്ട് യുവാക്കളെ അറസ്റ്റ് ചെയ്ത് യു.എ.പി.എ ചുമത്തിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ